# ഉപസംഹാരം

ദേശരാഷ്ട്രത്തിന്റെ സാംസ്കാരിക, രാഷ്ട്രീയാവസ്ഥകളിൽ സ്ഥലത്തെ ചരിത്ര സന്ദർഭത്തിന്റെ ബലതന്ത്രങ്ങളനുസരിച്ച് പ്രതിനിധാനം ചെയ്യുമ്പോൾ നഗരങ്ങൾ ദേശ രാഷ്ട്രത്തിന്റെ ഏകകമായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. മലയാളനോവലിൽ ദൽഹി പശ്ചാത്തലമായി വരുന്ന ആഖ്യാനങ്ങൾ രാഷ്ട്രീയസ്ഥലമെന്ന നിലയിൽ ദൽഹി യുടെ വ്യാവഹാരികപ്രകടനങ്ങളെ അവയുടെ സ്വഭാവത്തിന്റെയും ഘടനയുടെയും അടിസ്ഥാനത്തിൽ അടയാളപ്പെടുത്തുന്നത് എങ്ങനെയെന്ന് പ്രബന്ധത്തിൽ നിരീക്ഷി ക്കുന്നു. 'സാമൂഹികനിർമ്മിതസ്ഥലം' എന്ന സങ്കല്പനത്തിൽ നിരന്തരം മാറിക്കൊണ്ടി രിക്കുന്ന സ്ഥലവും കാലവും സമൂഹത്തിനുള്ളിലെയും പുറത്തെയും സാമൂഹികബല ങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന ഒന്നാണ്. ഇത്തരത്തിലുള്ള സ്ഥല-കാലഭാവനയെ ആഴ ത്തിൽ പിൻപറ്റുന്ന ആഖ്യാനങ്ങളെന്ന നിലയിൽ പരിഗണിച്ചുകൊണ്ട് ആശയാവലിക ളുടെ നിർമ്മിതിയുമായി ബന്ധപ്പെട്ട് നോവലുകൾ പങ്കുവയ്ക്കുന്ന സാംസ്കാരിക രാഷ്ട്രീയവിവക്ഷകൾ അന്വേഷിക്കുകയാണ് 'ദൽഹി രാഷ്ട്രീയസ്ഥലം എന്ന നിലയിൽ മലയാളനോവലിൽ' എന്ന പ്രബന്ധം. എല്ലാ വ്യവഹാരങ്ങളും സ്ഥല, കാല കേന്ദ്രിത സത്തയിലധിഷ്ഠിതമാണെന്നതുകൊണ്ട് രാഷ്ട്രീയസ്ഥലനിർമ്മിതി അധികരിച്ചുള്ള വിശകലനങ്ങൾ ആഖ്യാനത്തിന്റെ തലത്തിൽ സവിശേഷശ്രദ്ധയാകർഷിക്കുന്നുണ്ട്. മലയാളത്തിലെ ആഖ്യാനങ്ങളുടെ പഠനങ്ങൾക്ക് സഹായകമാകും വിധത്തിൽ സ്ഥല സങ്കല്പനവും ആ സങ്കല്പനനിർമ്മിതിയുടെ ചരിത്രപരമായ വിശകലനമാതൃകകളും അവതരിപ്പിക്കുന്ന പ്രബന്ധം സാംസ്കാരികപഠനമേഖലയിൽ കൂടുതൽ പ്രസക്തമായ ചില സൂചനകളെയാണ് അടയാളപ്പെടുത്തുന്നത്. പ്രബന്ധം മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയങ്ങളെയും നിഗമനങ്ങളെയും ഇങ്ങനെ ക്രോഡീകരിക്കാം.

1. സ്ഥലത്തെ ഒരു സത്തയായി വ്യവഹരിക്കുന്ന പൂർവ്വമാതൃകകളെ സൈദ്ധാന്തിക മായി പ്രതിരോധിക്കുവാനും വ്യവഹാരാധിഷ്ഠിതനിർമ്മിതി എന്ന നിലയിൽ

സ്ഥലത്തെ പരിഗണിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ സാമൂഹികരാഷ്ട്രീയ ബന്ധങ്ങളെ വിശകലനം ചെയ്യാനുള്ള അടിത്തറയൊരുക്കുവാനും അത്തരത്തിലുള്ള അന്വേഷണങ്ങൾക്ക് ആരംഭം കുറിക്കുവാനും 'രാഷ്ട്രീയസ്ഥലം' എന്ന പ്രബന്ധ പരികല്പന സാധ്യതയൊരുക്കുന്നു. സൈദ്ധാന്തികമായി പ്രബന്ധരചനയുടെ ഊന്നൽ ഈ ധർമ്മമാണ് നിർവ്വഹിക്കുന്നത്.

2. ആഖ്യാനങ്ങളുടെ വ്യാവഹാരികപ്രതലമായി സ്ഥലത്തെ സ്വീകരിക്കുമ്പോൾ വ്യത്യസ്ത ആഖ്യാനങ്ങൾ ഒരേ സ്ഥലത്തെത്തന്നെ വ്യത്യസ്തമായി ഉത്പാദിപ്പിക്കുന്നത് കാണാനാവും. ഓരോ വായനയും ഓരോ പാഠമാകുന്നതുപോലെ ഓരോ സ്ഥലക്കാഴ്ചയും ആഖ്യാനത്തിൽ സ്ഥലോത്പാദനം സാധ്യമാക്കുന്നുണ്ട്. അതിനാൽ ദൽഹി ആഖ്യാനസ്ഥലമായി സ്വീകരിച്ചിട്ടുള്ള മലയാളനോവലുകൾ ഉത്പാദിപ്പിക്കുന്ന വ്യത്യസ്തരാഷ്ട്രീയസ്ഥലസൂചനകൾ ചേർത്തുവച്ചുകൊണ്ടാണ് പ്രബന്ധത്തിൽ 'രാഷ്ട്രീയസ്ഥല'മായി ദൽഹിയെ അവതരിപ്പിക്കുന്നത്.

3. ദൽഹിയുടെ വ്യത്യസ്തരാഷ്ട്രീയചരിത്രമുഹൂർത്തങ്ങളെ മലയാളനോവലുകൾ പ്രമേയമായി സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് സ്ഥലപഠനത്തെ പ്രസക്തമാക്കുന്ന പ്രധാന ഘടകമാണ്. മലയാളനോവൽ ആഖ്യാനങ്ങൾ രേഖപ്പെടുത്തുന്ന ദൽഹിയുടെ രാഷ്ട്രീയസ്ഥലപരിണതി പ്രബന്ധത്തിന്റെ ആഖ്യാനയുക്തിയായി കാണാനാവും.

4. ദേശരാഷ്ട്രം എന്ന നിലയിലുള്ള ആധുനികരാഷ്ട്രീയസ്ഥലത്തിന്റെ നിർമ്മിതിയെ കുറിക്കുമ്പോഴും അതിനുള്ളിലെ ഒട്ടനവധി വൈരുദ്ധ്യങ്ങളെക്കൂടി അടയാളപ്പെടുത്തുന്ന വിമർശനങ്ങൾ ഉള്ളടങ്ങുന്ന രാഷ്ട്രീയവിമർശനമായി 'ആരോഹണ'ത്തെ കാണാവുന്നതാണ്. ഇത് പലപ്പോഴും ആധുനികതയുടെ രാഷ്ട്രീയപരിസരങ്ങളിൽ, ദേശീയതയുടെ രൂപപ്പെടലിൽ സംഭവിക്കുന്ന പരിമിതികളെ മാത്രമല്ല, ദേശരാഷ്ട്രത്തെ സംബന്ധിക്കുന്ന ആശയാവലികളുടെ സൈദ്ധാന്തികതയും പ്രയോഗവും തമ്മിലുള്ള വിടവുകളെക്കൂടി ബോധ്യപ്പെടുത്തുന്ന സ്ഥലാഖ്യാനമാതൃകയാണ്.

5. ദേശരാഷ്ട്രഘടനയെ ബാധിക്കുന്ന ചരിത്രസംഭവങ്ങൾ എങ്ങനെ ദേശരാഷ്ട്രയുക്തിക്ക് വിപരീതമായി രാഷ്ട്രീയസ്ഥലങ്ങളെ രൂപപ്പെടുത്തുന്നു എന്നതിന്

തെളിവായി ആഖ്യാനങ്ങളെ വിശകലനം ചെയ്യാൻ കഴിയും. ദേശരാഷ്ട്രത്തെ സാന്ദർഭികമായി തള്ളുകയോ ഉൾച്ചേർക്കുകയോ ചെയ്യുന്ന സ്ഥലസ്വഭാവമാണ് ഇവിടെ രാഷ്ട്രീയസ്ഥലത്തിനുണ്ടാവുക. 1972 ലെ ഇന്ത്യാ-പാക്ക് യുദ്ധത്തിന്റെ പൊതു പശ്ചാത്തലത്തിലെഴുതപ്പെട്ട മലയാളനോവലുകൾ തെളിയിക്കുന്ന ദൽഹിയുടെ ആഖ്യാനയുക്തി ഇതാണ്.

6. 1975ലെ അടിയന്തരാവസ്ഥയുമായി ബന്ധപ്പെടുത്തി 'ധർമ്മപുരാണം' എന്ന ആഖ്യാനത്തെ പരിഗണിക്കുമ്പോൾ ശരീരവിന്യാസത്തെ ബാധിക്കുന്ന സ്ഥലത്തിന്റെ സ്വത്വരൂപീകരണസ്വഭാവത്തെയാണ് തിരിച്ചറിയുന്നത്. രാഷ്ട്രീയസ്ഥലത്തിന്റെ വ്യക്തി സ്വത്വനിർമ്മിതിയാണ് ഇവിടെ പ്രസക്തമാകുന്നത്.

7. 1984 എന്ന പ്രത്യേക രാഷ്ട്രീയ മുഹൂർത്തത്തിൽ വ്യത്യസ്ത ആഖ്യാനങ്ങൾ പങ്കു വയ്ക്കുന്ന ദേശരാഷ്ട്രഭാവനകളും അവ ഉത്പാദിപ്പിക്കുന്ന രാഷ്ട്രീയസ്ഥല സങ്കല്പനവും നിരീക്ഷിക്കുമ്പോൾ, ആഖ്യാനങ്ങൾ ഒരേ സ്ഥലത്തെ രാഷ്ട്രീയമായി ഉൾക്കൊള്ളുന്നതിലെ വൈവിധ്യം കാണാനാവും. ഇത്തരം വൈവിധ്യങ്ങൾ പങ്കു പറ്റിക്കൊണ്ടാണ് 'മരുഭൂമികൾ ഉണ്ടാകുന്നത്', 'ദൃക്സാക്ഷി', 'പ്രവാചകന്റെ വഴി' എന്നീ നോവലുകളിൽ ദൽഹി രാഷ്ട്രീയസ്ഥലമായി രൂപപ്പെടുന്നത്.

8. സ്ഥലനിർമ്മിതിയും ചരിത്രനിർമ്മിതിയും ഇഴചേർന്നു നിൽക്കുന്ന ആഖ്യാനപരിസര ങ്ങൾ മലയാളനോവലുകളിൽ ദൽഹി കേന്ദ്രീകരിച്ചുണ്ടാവുന്നുണ്ട്. രാഷ്ട്രീയസ്ഥല മായി ദൽഹിയെ നിർമ്മിച്ചെടുക്കുന്ന ആഖ്യാനങ്ങൾക്കുള്ളിൽത്തന്നെ രാഷ്ട്രീയ ചരിത്രനിർമ്മിതിയും സംഭവിക്കുന്നു എന്നർത്ഥം. 'അധികാരം', 'ദൃക്സാക്ഷി' എന്നീ രചനകൾ നോവലിനെ സങ്കല്പിതചരിത്രമാക്കി മാറ്റുന്ന ആഖ്യാനങ്ങളെന്ന നില യിൽ സ്ഥലത്തിന്റെ ചരിത്രനിർമ്മിതി സാധ്യമാക്കുന്നവയാണ്.

9. ബാബറി മസ്ജിദിന്റെ തകർച്ചയുമായി ബന്ധപ്പെട്ട് ദൽഹിയുടെ രാഷ്ട്രീയസ്ഥലത്തിൽ സംഭവിച്ച മാറ്റങ്ങളെ ആഖ്യാനതലത്തിൽ അടയാളപ്പെടുത്തുന്ന 'ചരിത്രത്തിൽ ഇട പെടുമ്പോൾ' എന്ന നോവൽ സ്ഥലത്തെ ഉത്പാദിപ്പിക്കുന്ന ഭരണകൂടസ്ഥാപനമെന്ന നിലയിൽ മതത്തിന്റെ ഇടപെടലുകളെ അവതരിപ്പിക്കുന്നു. അവയിലൂടെ ദൽഹി

യുടെ രാഷ്ട്രീയസ്ഥലനിർമ്മിതി മതത്തിന്റെ സങ്കീർണ്ണസ്ഥലഘടനയ്ക്കുള്ളിൽ എങ്ങനെ സാധ്യമാകുന്നു എന്ന അന്വേഷണമാണ് ഈ നോവലിന്റെ രാഷ്ട്രീയമായി വികസിക്കുന്നത്.

10. പൊതുവിൽ, മലയാളനോവലുകൾ ദൽഹിയെ ഒരു രാഷ്ട്രീയസ്ഥലമെന്ന നിലയിൽ നിർമ്മിച്ചെടുക്കുന്നതിന്റെ വൈവിധ്യങ്ങളാണ് 1950കൾ മുതൽ 2000 വരെയുള്ള അര നൂറ്റാണ്ടിന്റെ കാലപരിധിക്കുള്ളിൽ എഴുതപ്പെട്ട ദൽഹി പശ്ചാത്തലമാകുന്ന രചനകൾ വെളിപ്പെടുത്തുന്നത്. ഈയർത്ഥത്തിൽ ആധുനികവും ആധുനികാനന്തരവുമായ മലയാളനോവലിലെ ഏറ്റവും നിർണ്ണായകമായ സ്ഥലസങ്കല്പം, ഇന്ത്യൻ ദേശരാഷ്ട്രയുക്തിയോട് സചേതനമായി പ്രതികരിക്കുന്ന ഒരു രാഷ്ട്രീയസ്ഥലമാക്കി ദൽഹിയെ മാറ്റിത്തീർക്കുന്നു എന്ന് തിരിച്ചറിയാൻ കഴിയും.